# STD - IV

## അദ്ധ്യാപക സഹായി

**പാഠം - മൂന്ന്  സ്ഥൈര്യലേപനം  ഭാഗം - ഒന്ന്**

### ലക്ഷ്യം

ജ്ഞാനസ്നാനം വഴി സഭയിലെ അംഗങ്ങളായിത്തീർന്ന നാം സ്ഥൈര്യലേപനം വഴി വിശ്വാസത്തിൽ സ്ഥിരതയുള്ളവരും ക്രിസ്തുവിന്റെ സജീവസാക്ഷികളുമായി മാറുന്നു. സ്ഥൈര്യലേപനത്തിലൂടെ പരിശുദ്ധാത്മാവിന്റെ പ്രത്യേക അഭിഷേകം നമുക്ക് ലഭിക്കുന്നു. നല്ല മക്കളായി ജീവിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ കൃപ ലഭിക്കുവാനായി പ്രാർത്ഥനാജീവിതം നയിക്കും.

### പഠനസഹായികൾ

* വചനം - യോഹ. 20:22, അപ്പ. 2:1-4
* അമ്മ കുഞ്ഞിന് ഭക്ഷണം നൽകുന്ന ചിത്രം
* മുളപ്പിച്ച പയർചെടി, വളർച്ചയെത്തിയ പയർചെടി
* You Tube - Video - The Day of Pentacost

### പാഠത്തിന്റെ ഉള്ളടക്കം

* ഒരമ്മ കുഞ്ഞിന്റെ വളർച്ചയ്ക്ക് നൽകുന്ന ഭക്ഷണം
* പയർ ചെടിയുടെ വളർച്ചയ്ക്കാവശ്യമായ വളവും ജലവും
* പരിശുദ്ധാത്മാവിന്റെ പ്രത്യേക അഭിഷേകത്തിന്റെ (സ്ഥൈര്യലേപനം എന്ന കൂദാശയുടെ) ആവശ്യം
* ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ നൽകുന്ന യേശു
* പെന്തക്കോസ്താദിനത്തിലെ അപ്പസ്തോലന്മാരുടെ പരിശുദ്ധാത്മാവിന്റെ അഭിഷേകാനുഭവം

### പ്രാർത്ഥന:

പരിശുദ്ധാത്മാവേ എഴുന്നള്ളി വരണമേ, അങ്ങേ വരദാനങ്ങൾ നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ. ദൈവമക്കളായി വളരുവാൻ വേണ്ടുന്ന അനുഗ്രഹം ഞങ്ങൾക്ക് നൽകണമേ.

## ചോദ്യങ്ങൾ

1. ആദ്യമായി പരിശുദ്ധാത്മാവിനെ നാം സ്വീകരിച്ചതെപ്പോൾ?
2. സ്ഥൈര്യലേപനത്തിലൂടെ നമുക്ക് ലഭിക്കുന്നതെന്ത്?
3. അപ്പസ്തോലന്മാർക്ക് ആദ്യമായി പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിച്ചത് എന്ന് എവിടെവച്ചായിരുന്നു?
4. അപ്പസ്തോലന്മാരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നത് ഏത് രൂപത്തിലാണ്?
5. പഴയനിയമത്തിൽ ഇസ്രായേൽ ജനത്തെ നയിക്കാൻ പൂർവപിതാക്കന്മാരെയും, പ്രവാചകന്മാരെയും പ്രാപ്തരാക്കിയത് ആരാണ്?

# STD - IV

## അദ്ധ്യാപക സഹായി

## പാഠം - മൂന്ന്  സ്ഥൈര്യലേപനം  ഭാഗം - രണ്ട്

### ലക്ഷ്യം

സ്ഥൈര്യലേപനം വഴി പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുകയും സന്മാർഗ്ഗത്തിലൂടെ നയിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ നാം കൂടുതൽ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നു. ദൈവത്തെയും, സഭയെയും, മനുഷ്യരെയും സ്നേഹിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ നിരന്തര സംരക്ഷണത്തിൽ നല്ല മക്കളായി വളരും.

### പഠനസഹായികൾ

* ചാർട്ട് - പരിശുദ്ധാത്മാവിന്റെ ഏഴുദാനങ്ങൾ
* ചാർട്ട് - പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ
* യേശുവിന്റെ ജ്ഞാനസ്നാനത്തിന്റെ ചിത്രം
* വചനം - ലൂക്കാ. 4:18

### പാഠത്തിന്റെ ഉള്ളടക്കം

* സ്ഥൈര്യലേപനമെന്ന കൂദാശ
* പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ
* പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ
* പരിശുദ്ധാത്മാവിനെതിരായ പാപങ്ങൾ
* സ്ഥൈര്യലേപനം സ്വീകരിച്ച നമ്മുടെ കടമകൾ
* സ്ഥൈര്യലേപനം നമ്മുടെ വിശ്വാസം ശക്തിപ്പെടുത്തുന്നു. ക്രിസ്തുവിന്റെ ധീരസാക്ഷികളാക്കി നമ്മെ മാറ്റുന്നു.
* സ്ഥൈര്യലേപന കൂദാശ പരികർമ്മം ചെയ്യുന്നവർ
* സ്ഥൈര്യലേപന കൂദാശയിലെ ജ്ഞാനസ്നാന മാതാപിതാക്കളുടെ സാന്നിധ്യം
* സ്ഥൈര്യലേപന കൂദാശയിലെ കൂദാശാവചനം

### പ്രാർത്ഥന:

പരിശുദ്ധാത്മാവേ ഞങ്ങളിൽ എഴുന്നുള്ളിവരണമേ. അങ്ങേ കൃപാവരത്താൽ ഞങ്ങളെ നിറയ്ക്കണമേ. അങ്ങേ ശക്തിയിലും നിരന്തര സംരക്ഷണത്തിലും നല്ല മക്കളായി വളരുന്നതിനുള്ള അനുഗ്രഹം നൽകണമേ. അങ്ങയുടെ ചൈതന്യത്താൽ, നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്ന ദൈവമക്കളായി ഞങ്ങളെ മാറ്റേണമേ, ആമ്മേൻ

## ചോദ്യങ്ങൾ

1. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ എന്തെല്ലാം?
2. പരിശുദ്ധാത്മാവിനെതിരായ ഏതെങ്കിലും മൂന്ന് പാപങ്ങൾ എഴുതുക?
3. സ്ഥൈര്യലേപനം സ്വീകരിച്ച നമ്മുടെ കടമകൾ എന്തെല്ലാം?
4. സ്ഥൈര്യലേപനകൂദാശ പരികർമ്മം ചെയ്യുന്നത് ആരാണ്?
5. സ്ഥൈര്യലേപന കൂദാശ പരികർമ്മം ചെയ്യുന്നതെങ്ങനെ? കൂദാശാവചനം ഏത്?